**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 332** — **22-02-2022 - ൽ മറുപടിയ്ക്ക്**

**വാതിൽപ്പടി സേവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ സമയബന്ധിതമായി ലഭിക്കാതിരിക്കുന്ന ജനങ്ങൾക്ക് വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻ രക്ഷാ മരുന്നുകളും എത്തിക്കുവാൻ ലക്ഷ്യമിട്ടുന്ന വാതിൽപ്പടി സേവനം പദ്ധതി സംസ്ഥാന വ്യാപകമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. നിലവിൽ പൈലറ്റ് അടിസ്ഥാനത്തിൽ 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുള്ള വാതിൽപ്പടി സേവനം പദ്ധതിയുടെ നിർവഹണം സൂക്ഷ്മമായി അവലോകനം ചെയ്തുവരികയാണ്. അതിലൂടെ ലഭിക്കുന്ന വിവരങ്ങളുടെയും ആശയങ്ങളുടെയും കൂടി അടിസ്ഥാനത്തിൽ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതാണ്. സംസ്ഥാന സർക്കാരിൻറെ ഒന്നാം വാർഷികത്തോടനുബന്ധിച്ചുള്ള 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ